


# ഗവൺമെൻ്റ ട്രൈബൽ ഹൈസ്കൂൾ മീനാങ്കൽ



ശ്രീമതി. ജയശ്രീ കെ. എസ് (ഹെഡ്മിസ്ട്രസ്)

"ഒരു മലയോര ഗ്രാമത്തിൻെറ ചൈതന്യം ഉൾക്കൊണ്ട് കൊണ്ട് ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് അക്ഷരദീപം പകർന്നു കൊടുത്ത മീനാങ്കൽ ഗവൺമെൻറ് ട്രൈബൽ ഹൈസ്കൂൾ 60 ൻെറ നിറവിലാണ്.ലിറ്റിൽ കൈറ്റ്സ് സംരംഭത്തിൻെറ ഭാഗമായി തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും"

# ഉള്ളടക്ക പട്ടിക


| നമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 01 | എന്റെ മലയാളം | 4 |
| 02 | മനസ്സിന്റെ ദുഃഖം | 5 |
| 03 | ബാല്യം | 6 |
| 04 | ജവാൻ | 7 |
| 05 | വിശന്നു വലഞ്ഞ തേനീച്ച | 8 |
| 06 | സുൽത്താൻ മരിച്ചാൽ | 9 |
| 07 | ഒന്ന് എന്ന് ഉത്തരം വരുന്ന ചോദ്യങ്ങൾ | 10 |





എത്ര സുന്ദരം മുത്ത് മണിപ്പോലെന്റെ മലയാളം
എന്റെ മനസ്സിലെ മാതൃഭാഷയും എന്റെ മലയാളം
എന്റെ നാവിൽ ആദ്യം ഉണർന്നതാണ് മലയാളം
എഴുത്തച്ഛൻ എഴുതി കിലിച്ചൊല്ലേറ്റ് വളർന്ന മലയാളം
പുഷ്പഗന്ധം ഉള്ളതാണ് എന്റെ മലയാളം
അറിവിൻ ആകാശം പോലെ എന്റെ മലയാളം
നന്മ നിറഞ്ഞ അമ്മ പോലെ എന്റെ മലയാളം
മഴത്തുള്ളിപോൽ ശുദ്ധം ആണ് എന്റെ മലയാളം
മെത്ര സുന്ദരം മുത്ത് മണി പോൽ എന്റെ മലയാളം
എൻ മനസ്സിലെ മാതൃഭാഷയാണ് എന്റെ മലയാളം...........

കവിത

സദ്ദാം.

# മനസ്സിന്റെ ദുഃഖം

ഓരോ നാളും ഓരോ നിമിഷവും നാം നാമല്ലാതായിത്തീരുമ്പോൾ



ഇരുണ്ട മേഘം പോലെ ആയി തീരുകയാണല്ലോ
നമ്മുടെ മനസ്സ് തീരാ ദുഃഖവും മായാത്ത
ഓർമയും തിങ്ങിനിറയും മനസ്സുകൾ
വേദനകളെല്ലാം ഉള്ളിലൊതുക്കി മനസ്സ് രണ്ട് പിണങ്ങാതെ
തിരിതാഴാതെരിയിക്കുന്നു
മനസ്സ് എന്ന മൂന്നക്ഷരം കൊണ്ട് എണ്ണിത്തീർക്കാൻ എത്രയും
ഓർമ്മകൾ
മനസ്സിലെവിടെയോ പായുന്നു ബാക്കിയായ ദേഹം ഇവിടെയും
തീരുന്നു
ഓർമ്മകൾ എല്ലാം മനസ്സിലൊതുക്കി എൻ
എറിഞ്ഞ കൊള്ളി ആയിത്തീരുകയാണ് ജീവിതം

കവിത

അപർണ്ണ.എസ്

# ബാല്യം




കഥനങ്ങൾ പറഞ്ഞും ചിരിച്ചും കഴിഞ്ഞുപോയ എന്റെ ബാല്യം.....
തിരികെ വരാൻ ഞാൻ കൊതിക്കുന്ന എന്റെ ബാല്യം.....
ക്ലാസ് മുറിയിലെ ബെഞ്ചിൽ പുസ്തകത്താളിൽ
ഉറങ്ങിയ എന്റെ ബാല്യം.........
ഇന്നിതാ ഏതോ അശാന്ത നഗരത്തിൽ കുടുങ്ങിയ
എന്റെ യൗവ്വനം......
ഞാനോർക്കുന്നു എന്റെ ബാല്യത്തിൻ കഥകൾ ചിരിച്ചും
കളിച്ചും ഞാൻ കഴിഞ്ഞ എന്റെ ബാല്യം......
കുട്ടുകൂടി കളിച്ചും പഠിച്ചും ദുഃഖത്തിൻ വേദനയറിഞ്ഞ ഞാൻ
കഴിഞ്ഞ എന്റെ ബാല്യം....
ഇന്നിതാ ഞാൻ തിരികെ വരാൻ കൊതിക്കുന്ന എന്റെ
ബാല്യം സ്നേഹം നിറഞ്ഞ അധ്യാപകരും , മാതാപിതാക്കളും
നിറഞ്ഞ ബാല്യം....
ഒരു കാറ്റിൽ പറത്തി വിട്ട് പട്ടംപോലെ എന്റെ ബാല്യം.......
മായ ഇന്നിതാ ഞാൻ ഓർക്കുന്നു തിരികെവരാൻ
ക്ഷണിക്കുന്നു എന്റെ ബാല്യം.....
ഒരു സ്നേഹം കൈനീട്ടി വന്ന എൻറെ സൗഹൃദത്തിന് ബാല്യം

കവിത

സഫ്ന

# ജവാൻ



അതിർത്തികളിൽ ജീവൻ വെടിഞ്ഞ രാജ്യത്തെ സംരക്ഷിക്കുന്ന
ജവാന്മാർ
സ്വന്തം കുടുംബത്തെ മറന്നവർ അതിർത്തിയിൽ ഉറങ്ങാതെ
കാവലിരുന്നു ജവാന്മാർ
സ്വന്തം രാജ്യസ്നേഹം കൈവിടാതെ സൂക്ഷിക്കുന്നവർ
ഭീകരരുടെ അന്ധകാരമാകുന്ന ജവാന്മാർ
ഭീകരുടെ അന്തകനാകാൻ പുണ്യജന്മം എടുത്തവർ
സ്വന്തം ജന്മം രാജ്യത്തിനായി വെടിഞ്ഞ് അവർ
ശരീരം അതിർത്തിയിൽ ആണെങ്കിലും അവർ താൻ സ്വന്തം
കുടുംബത്തിലാണ് മഹാന്മാരെ പ്രശംസിക്കുമ്പോൾ ഇവരെ നാം
മറക്കുന്നു.
ദൈവത്തെ നാം രക്ഷകനായി കാണുന്ന
ദൈവത്തിൻറെ മനുഷ്യാവകാശങ്ങൾ അവർ ജവാന്മാർ,
**രക്ഷകൻമാർ .**

കവിത

ഹാഫിസ്

# വിശന്നു വലഞ്ഞ തേനീച്ച



ഒരുദിവസം വിശന്ന് വലഞ്ഞ് തേനീച്ച ഒരു മരക്കൊമ്പിൽ ഇരുന്നു. അപ്പോഴാണ് ഒരു പൂമ്പാറ്റ അത് വഴി വരുന്നത് കണ്ടത് തേനീച്ച പൂമ്പാറ്റയുടെ ചോദിച്ചു. "എവിടെ നിന്നെങ്കിലും ഇത്തിരി തേൻ കിട്ടുമോ"? നമുക്ക് നോക്കാം പൂമ്പാറ്റ പറഞ്ഞു. അങ്ങനെ തേനീച്ച പൂമ്പാറ്റയും തേടി നടക്കാൻ തുടങ്ങി

. കുറെ ദൂരം ചെന്നപ്പോൾ അവൻ കണ്ടത് അവരുടെ കൂട്ടുകാരനായ വണ്ടി നിറയെ തേനും കൊണ്ടുവരുന്നതാണ്. തേനീച്ച ചോദിച്ചാൽ നിനക്ക് എവിടെ നിന്നാണ് ഇത്രയും കിട്ടിയത്.? പലതരം പൂക്കൾ ഉണ്ട് റോസാ, പിച്ചി, ചെമ്പരത്തി, എന്നിവ നിങ്ങൾ എവിടേക്കാണ് പോകുന്നത് പൂമ്പാറ്റ പറഞ്ഞു. അല്ല ഞങ്ങൾക്ക് പൂന്തോട്ടത്തിലേക്ക് പോകുംവഴി കുറെ ഉറുമ്പുകളും കൊണ്ട് വരുന്നത് കണ്ടു. നേരം ഒരുപാടായി ഇനി എപ്പോഴാണ് തിരിച്ചു പോകുന്നത് നിങ്ങൾ തനിച്ചാണ് യാത്ര തുടർന്നു. കുറെ സമയമെടുത്തു എങ്കിലും പൂന്തോട്ടം കണ്ടപ്പോൾ സന്തോഷമായി എന്തു മനോഹരമായ പൂന്തോട്ടം അടുത്തദിവസം വരെ കുഞ്ഞുങ്ങളെ കൊണ്ടുവരണം സന്ധ്യ സമയമായപ്പോൾ അവർ മടങ്ങിപ്പോയി.

പിറ്റേദിവസം രാവിലെ ഉണർന്ന് തേനീച്ചക്ക് പൂന്തോട്ടത്തിലേക്ക് തന്നെ കുഞ്ഞുങ്ങളെ കൂടി കൊണ്ട് പോകണം എന്ന് തോന്നി പക്ഷേ അത്രയും ദൂരം പറന്നു പോകാൻ തന്നെ കുഞ്ഞുങ്ങൾ കഴിയുമോ? അങ്ങനെ ചിന്തിച്ചിരിക്കുമ്പോഴാണ് കൂടിനു ചുറ്റും കേട്ടത് അതിശയം തന്നെ കുഞ്ഞുങ്ങൾക്ക് കൂടിനു ചുറ്റും പാറി പറക്കുന്നു ഞാനും ഇങ്ങനെ പറഞ്ഞപ്പോൾ തന്നെ അച്ഛനും അമ്മയ്ക്കും സന്തോഷം തോന്നിയിട്ടുണ്ടാകും അങ്ങനെ അന്ന് മുതൽ തന്നെ മക്കളെ കൂടിയായിരുന്നു യാത്ര

......

അഭി.എസ്.എം

# സുൽത്താൻ മരിച്ചാൽ

*(ചരിത്ര സംഭവകഥ)*

പണ്ട് വടക്കേഇന്ത്യൻ ഭരിച്ചത് അലാവുദ്ദീൻ കിൽജി എന്ന സുൽത്താൻ ആയിരുന്നു. അദ്ദേഹത്തിൻറെ മന്ത്രിയായിരുന്നു മാലിക്. ഒരിക്കൽ രാജ്യത്ത് കടുത്ത വരൾച്ചയുണ്ടായി. ആളുകൾ പട്ടിണിയിലായി.ഭരണത്തിൽ ഭക്ഷ്യവകുപ്പിനെ ചുമതല ഗിയാസുദ്ദീൻ എന്ന നല്ലവനായ ഉദ്യോഗസ്ഥനായിരുന്നു.

പട്ടിണി മാറ്റാൻ ഖജനാവിൽനിന്ന് ജനങ്ങൾക്ക് പണം വായ്പയായി കൊടുക്കാമെന്ന് ഗിയാസുദ്ദീൻ മന്ത്രിയായ മാലിക്കിനോട് പറഞ്ഞു. "പക്ഷേ സുൽത്താൻ മരിച്ചാൽ ഉടൻ പണം തിരിച്ചടക്കണം എന്ന് ജനങ്ങളോട്ടു പറയണം."

മന്ത്രിയുടെ ദുരുദ്ദേശം മനസ്സിലാവാത്ത പാവം ഗിയാസുദ്ദീൻ അത് സമ്മതിച്ചു.ഗിയാസുദ്ദീൻ ഭക്ഷ്യ വകുപ്പിൽ നിന്ന് പുറത്താക്കി ആ പദവി കൂടി സ്വന്തമാക്കണം അതായിരുന്നു മാലിക്കിനെ ലക്ഷ്യം !!! മാലിക് വൈകാതെ സുൽത്താൻ അടുത്തെത്തി "അങ്ങയുടെ മരണശേഷം വായ്പ തിരിച്ചടയ്ക്കാൻ എന്നാണ് ആ ഗിയാസുദ്ദീൻ ജനങ്ങളോട് പറയുന്നത് അതിനർത്ഥം അയാൾ അങ്ങയുടെ മരണം കാത്തിരിക്കുകയാണ് എന്നല്ലേ"?

നമ്മള് ഇത് കേട്ടതും സുൽത്താന് ദേഷ്യംവന്നു അദ്ദേഹം വേഗം ഗ്യാസ് ദിന വിളിച്ചു... അതോടെ ഗിയാസുദ്ദീൻ മനസ്സിലായി ഇത് മന്ത്രിയുടെ ചതിയാണ്.


ഇറങ്ങിയിട്ടില്ല പേടി പുറത്തു കാട്ടാതെ ഗിയാസുദ്ദീൻ ശാന്തനായി പറഞ്ഞു: "പ്രഭോ സത്യത്തിൽ അങ്ങനെ വളരെക്കാലം ജീവിക്കണമെന്നാണ് ആഗ്രഹം അതുകൊണ്ടാണ് ജനങ്ങളോട് അങ്ങനെ പറഞ്ഞത് മരണശേഷം പണം തിരിച്ചടക്കണം എന്ന് പറഞ്ഞാൽ ജനങ്ങളല്ല മരിക്കാതിരിക്കാൻ പ്രാർത്ഥിക്കുമല്ലോ"......

അതുകേട്ട് സുൽത്താന് സന്തോഷമായി. അദ്ദേഹം ഗിയാസുദ്ദീൻ ധാരാളം സമ്മാനങ്ങൾ കൊടുത്തു.


അരുണിമ

1.എത്ര വനിതകൾ ഇന്ത്യയുടെ രാഷ്ട്രപതിമാർ ആയിട്ടുണ്ട്?
2.എത്ര മലയാളികൾ ഇന്ത്യയുടെ രാഷ്ട്രപതിയായിട്ടുണ്ട്?
3. എത്ര വനിതകൾ ഇന്ത്യൻ പ്രധാനമന്ത്രി ആയിട്ടുണ്ട് ?
4. ഭൂമിക്ക് എത്ര ഉപഗ്രഹങ്ങൾ ഉണ്ട് ?
5. ലോകരാഷ്ട്രങ്ങളിൽ വലിപ്പത്തിൽ റഷ്യയുടെ സ്ഥാനം എത്ര ?
6. ലോകരാഷ്ട്രങ്ങളിൽ ജനസംഖ്യയിൽ ചൈനയുടെ സ്ഥാനം എത്ര ?
7. എങ്ങോട്ട് നിങ്ങളുടെ ഒരു തേനീച്ച കൂട്ടിൽ എത്ര റാണിമാർ ഉണ്ട് ?
8. ഹൈഡ്രജന് ആറ്റോമിക നമ്പർ എത്ര ?
9. കേരളത്തിലെ ആദ്യ ലോട്ടറി ടിക്കറ്റ് വില എത്ര ?
10. ജലത്തിൻറെ ആപേക്ഷിക സാന്ദ്രത എത്ര ?
11. ഒച്ചിന് എത്ര കാലുകൾ ഉണ്ട് ?
12. ഇന്ത്യൻ സംസ്ഥാനങ്ങളിൽ വലിപ്പത്തിൽ രാജസ്ഥാനിന്റെ സ്ഥാനം എത്ര ?
13.മഹാത്മാഗാന്ധി എത്ര വട്ടമേശ സമ്മേളനങ്ങൾ പങ്കെടുത്തിട്ടുണ്ട് ?
14. ഇന്ത്യയിലെ പദവി പട്ടിക ക്രമത്തിൽ രാഷ്ട്രപതി സ്ഥാനം എത്ര ?
15. ആമീബക്ക് എത്ര കോശങ്ങളുണ്ട് ?
16. കേരളത്തിലെ ജില്ലകളിൽ വലിപ്പത്തിൽ പാലക്കാട് സ്ഥാനം എത്ര ?
17. കേരള നിയമസഭയിൽ എത്ര ആംഗ്ലോ-ഇന്ത്യൻ പ്രതിനിധികളുണ്ട് ?
18. തിരു-കൊച്ചിയിൽ എത്രപേർ രാജപ്രമുഖൻ പദവി വഹിച്ചിട്ടുണ്ട് ?
19. മത്സരം ഇന്ത്യയ്ക്കും ചൈനയ്ക്കും എത്ര സമയ മേഖലകൾ വീതമാണുള്ളത് ?
20. ജനസംഖ്യയിൽ ഉത്തരപ്രദേശിലെ സ്ഥാനം എത്ര ?


# വിപഞ്ചിക



# വിപഞ്ചിക



ഗവൺമെൻറ ട്രൈബൽ ഹൈസ്കൂൾ മീനാങ്കൽ


Vignesh
VIII, D

# നന്ദി